മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കണ്ണൂർ മുനിസിപ്പാലിറ്റി വളപ്പിൽ നിന്ന് നീക്കം ചെയ്യുന്ന ചപ്പുചവറുകളും ചക്കരക്കല്ല് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചേലോറ എന്ന സ്ഥലത്താണ് കഴിഞ്ഞ മുപ്പതു കൊല്ലക്കാലമായി നിക്ഷേപിക്കുന്നത്. അടുത്തകാലത്തായി സ്ഥലവാസികൾ അതിന് എതിരായിട്ട് സമരം സംഘടിപ്പിച്ചു. അവരുമായി ഒത്തുതീർപ്പ് ഉണ്ടാക്കാൻ വേറൊരു സ്ഥലം നിർദ്ദേശിച്ചു. പക്ഷെ അവിടെയുള്ള ആളുകളും അതിന് എതിരായിട്ട് സമരംചെയ്തു. അവസാനം ഈ സ്ഥലത്തുതന്നെ നിക്ഷേപിക്കുന്ന നടപടി തുടർന്നു. മുൻസിപ്പാലിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ലോറിയിൽ കൊണ്ടുപോകുമ്പോൾ തടഞ്ഞ ആളുകളുടെ പേരിൽ കേസ് ചാർജ് ചെയ്തു. അവരെ അറസ്റ്റുചെയ്ത് ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനു മുമ്പാകെ അന്നു രാത്രിയിൽത്തന്നെ ഹാജരാക്കി. അദ്ദേഹം ഇവരെ പിറ്റെദിവസം കൊണ്ടുവരാൻ പറഞ്ഞു. തിരിച്ചു കൊണ്ടുപോയി പോലീസ് കസ്റ്റഡിയിൽ വയ്ക്കാൻ പ്രയാസമുണ്ടായിരുന്നു. കാരണം സ്ഥല സൗകര്യം കുറവായിരുന്നതാണ്. അതുകൊണ്ട് ഡി. എസ്. പി. തന്നെ നേരിട്ട് ചെന്ന് അവരെ സബ്ജയിലിൽ കൊണ്ടുപോകാനുള്ള അനുവാദം ചോദിച്ചു. അതിന് അനുവാദം കൊടുത്തില്ല. പിറ്റെദിവസം ഹാജരാക്കാൻ പറഞ്ഞു. അങ്ങനെ പിറ്റെദിവസം ഹാജരാക്കി. അവർക്ക് ജാമ്യം കൊടുക്കാതെ ഇപ്പോഴും അവർ ജുഡീഷ്യൽ കസ്റ്റഡിയിലിരിക്കുകയാണ്. ആ കാര്യത്തിൽ കോടതിയുടെ നിർദ്ദേശപ്രകാരം മാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ എന്നാണ് പോലീസിൽ നിന്ന് കിട്ടിയിട്ടിള്ള റിപ്പോർട്ട്. എന്തായാലും ഒരു മജിസ്ട്രേറ്റിനു മുമ്പിൽ ഹാജരാക്കിയിട്ടുള്ള കാര്യത്തിൽ തെറ്റായ നയമുണ്ടെന്നു ഞാൻ കരുതുന്നില്ല. അങ്ങനെ വന്നാൽ അതിന്റെ സ്ഥിതി അവർ അനുഭവിക്കേണ്ടിവരും. അതുകൊണ്ട് ആ കാര്യത്തിൽ ഗവൺമെന്റിന് പ്രത്യേകമായ നിർദ്ദേശം കൊടുക്കാൻ ഇല്ല. അവരെ അറസ്റ്റ് ചെയ്ത് മജിസ്ട്രേറ്റിനു മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്.

(6) കേരളത്തിലെ പഞ്ചായത്തുജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലെ അപാകതകൾ

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, കേരളത്തിൽ പഞ്ചായത്ത് ജീവനക്കാരെ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് ജീവനക്കാരായി നിർത്തിയിരിക്കുന്നതുകൊണ്ട് മാറ് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ കിട്ടുന്ന ആനുകൂല്യങ്ങളോ പ്രൊമോഷൻ സാദ്ധ്യതകളോ സേവന വ്യവസ്ഥകളോ പഞ്ചായത്ത് ജീവനക്കാർക്ക് കിട്ടുന്നില്ലെന്ന ദുഃഖകരമായ സത്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ പ്രശ്നങ്ങൾക്ക് ഒരു ഏകീകരണം ഉണ്ടാക്കാൻ വകുപ്പുമന്ത്രി പന്ത്രണ്ടിൽപ്പരം കോൺഫറൻസുകൾ വിളിച്ചുകൂട്ടിയിട്ടുള്ളതായി അറിയുന്നു. പഞ്ചായത്ത് ഡയറക്ടറും പഞ്ചായത്ത് സെക്രട്ടറിയും ഉൾപ്പെട്ട ഉന്നതാധികാരികളുടെ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. 1983-ലും 1985-ലും മുഖ്യമന്ത്രി ഉൾപ്പെട്ട വകുപ്പുമന്ത്രിയും ജീവനക്കാരുടെ പ്രതിനിധികളും ചേർന്ന് ഓരോ ഒത്തുതീർപ്പുണ്ടായി. ആ ഒത്തുതീർപ്പ് ഇന്നുവരെ നടപ്പാക്കിയിട്ടില്ല. ആ തീരുമാനങ്ങൾ ഉദ്യോഗസ്ഥൻമാർ പൂഴ്ത്തിവെച്ചിരിക്കയാണ്. കണ്ടിൻജൻസി ജീവനക്കാർക്ക് സേവന വ്യവസ്ഥകൾ നൽകുന്ന വേജ് റിപ്പോർട്ടും രണ്ടു വർഷം കഴിഞ്ഞിട്ടും പുറത്തുവന്നിട്ടില്ല. ആ സ്ഥാപനത്തിൽ പഞ്ചായത്ത് ജീവനക്കാർ അനുഭവിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതിന് കോൺഫറൻസ് വിളിച്ചുകൂട്ടണമെന്നു അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ പഞ്ചായത്ത് ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ആ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ഗവൺമെന്റ് ചില കമ്മിറ്റികളും രൂപീകരിച്ചിരുന്നു. കണ്ടിൻജൻസി ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ചിരുന്ന കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തീരുമാനങ്ങളെടുത്തുകഴിഞ്ഞു. അത് നവംബർ 10-ാം തീയതി അവസാനയോഗം കൂടി ഗവൺമെന്റിലേക്ക് തീരുമാനങ്ങൾ സമർപ്പിച്ചിരിക്കയാണ്. വളളം കടത്തുകാരുടെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏൽപ്പിച്ചിരുന്ന കമ്മിറ്റി പ്രവർത്തനം പൂർത്തിയാക്കിക്കഴിഞ്ഞു. ശുപാർശകളെല്ലാം സർക്കാരിലേക്ക് അയച്ചുകൊണ്ടിരിക്കയാണ്. പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനെപ്പറ്റി കുറെക്കാലമായി ജീവനക്കാർ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് പഠിക്കുവാൻ കമ്മിറ്റി 6-11-1986-ന് യോഗം ചേർന്ന് മുഖ്യമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആ കമ്മിറ്റി വീണ്ടും നവംബർ 12-ാം തീയതി യോഗം ചേരുന്നുണ്ട്. അവരുടെ ശുപാർശകളെല്ലാം ഗവൺമെന്റിലേക്ക് അയച്ചുതരുന്നുണ്ട്. ശമ്പള പരിഷ്കരണത്തിൽ അപാകതകളുണ്ടെന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമല്ല. അപാകതകൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്. പഞ്ചായത്ത് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ കാലവിളംബം വരാതിരിക്കുവാൻ ഗവൺമെന്റ് പരമാവധി ശ്രമിക്കുന്നുണ്ട്.

(7) അത്യാസന്ന നിലയിൽ കഴിഞ്ഞിരുന്ന രോഗിയെ നെഴ്സ് ചെകിട്ടത്തടിച്ച സംഭവം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, എന്റെ നിയോജകമണ്ഡലത്തിൽ നന്ദിയോട് പഞ്ചായത്തിൽ പെരുവച്ചൽ എന്ന സ്ഥലത്ത് മുപ്ലി പറങ്കിമാവിളത്തോട്ടം വീട്ടിൽ മാധവൻ നായരുടെ മകൻ പതിനൊന്നു വയസ്സായ ബിജുവിനെ കഴിഞ്ഞ 6-ാം തീയതി എസ്. എ. റ്റി. യിൽ അഡ്മിറ്റ് ചെയ്തു. മഞ്ഞപിത്തമായിരുന്നു സുഖക്കേട്. അഡ്മിറ്റ് ചെയ്യുമ്പോഴേതന്നെ ആ കുട്ടി അബോധാവസ്ഥയിലായിരുന്നു. അന്നമ്മ എന്നൊരു നെഴ്സ് ആ കുട്ടിക്ക് ഇൻജക്ഷൻ കൊടുത്തുകൊണ്ടിരിക്കുന്നതിനിടയിൽ, ബോധമറ്റു കിടന്ന ആ കുട്ടി ആ നെഴ്സിന്റെ കയ്യിൽ കടിച്ചു. ഉടനെ നെഴ്സ് ദേഷ്യം വന്നു കുട്ടിയുടെ ചെകിട്ടത്ത് ആഞ്ഞടിച്ചു. അപ്പോഴേത്തന്നെ കുട്ടി രക്തം ഛർദ്ദിച്ചു. കുട്ടിയുടെ മൂക്കിൽക്കൂടിയും വായിൽക്കൂടിയും രക്തം വന്നു. അതു കഴിഞ്ഞ് പിന്നെ ദിവസം കുട്ടി മരിച്ചു. എന്നിട്ട് ആ കുട്ടിയെ വീട്ടിലേക്ക് മാറ്റാൻ ആശുപത്രി അധികൃതർ ശ്രമിച്ചു. ആയിരത്തോളം വരുന്ന ജനക്കൂട്ടം അതിന് തയ്യാറായില്ലെന്ന് കണ്ടപ്പോൾ ആ കുട്ടിയെ മോർച്ചറിയിലേക്ക് മാറ്റി. പോസ്റ്റുമോർട്ടം നടന്നപ്പോൾ നാല് വിരലിന്റെ അടയാളം ചെകിട്ടത്തുണ്ടായിരുന്നു. കുട്ടിയെ തല്ലിയതുകൊണ്ടാണ് മരിച്ചതെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഈ ക്രൂരമായ പ്രവൃത്തി ഈ കൊച്ചു കുട്ടിയോട് കാണിച്ചത് സഹിക്കത്തക്കതല്ല, ക്ഷമിക്കത്തക്കതല്ല. അതിനെ സംബന്ധിച്ച് അന്വേഷിക്കണം. അതിനാവശ്യമായ നടപടിയെടുക്കണം. ഈ പിഞ്ചു കുട്ടി പാവപ്പെട്ട ഒരു വീട്ടിലേതാണ്. ആ വീട്ടിൽ ധനസഹായം കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly